"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് - ജയിലുകൾ - ശ്രീമതി സൂര്യ റ്റി.പി., വെൽഫെയർ ഓഫീസർ ഗ്രേഡ് 2, ജില്ലാ ജയിൽ, വിയ്യൂർ - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2274/2026/HOME തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 05.02.2021 തീയതിയിലെ R1C(1) 334/2021/GW നമ്പർ നിയമന ശിപാർശ.
2. ജയിലാസ്ഥാനകാര്യാലയത്തിലെ 09.03.2021 തീയതിയിലെ ഇ1/13591/2017/പി.ആർ.എച്ച്.ക്യൂ നമ്പർ ഉത്തരവ്.
3. പ്രിസൺസ് & കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറലിന്റെ 06.01.2026 തീയതിയിലെ KPCS/6375/2025-E1 നം. നടപടിക്രമം.
4. പ്രിസൺസ് & കറക്ഷണൽ സർവീസസ് ഡയറക്ടർ ജനറലിന്റെ 06.01.2026, 12.03.2026, 14.05.2026 തീയതികളിലെ KPCS/6375/2025-E1 നം. കത്തുകൾ.

**ഉത്തരവ്**

ശ്രീമതി. സൂര്യ റ്റി.പി., കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരാമർശം (1) നിയമന ശിപാർശയുടെയും ജയിലാസ്ഥാന കാര്യാലയത്തിലെ പരാമർശം (2) ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 17.03.2021 തീയതിയിൽ വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജയിൽ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. സർവ്വീസിൽ പ്രവേശിച്ച് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷമാണ് പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കാലയളവ്. ഈ കാലയളവിൽ ശ്രീമതി. സൂര്യ റ്റി.പി. പ്രൊബേഷനെ ബാധിക്കുന്ന തരത്തിലുള്ള അവധികൾ ഒന്നും എടുത്തിട്ടില്ലെന്നതിനാൽ 16.03.2023 തീയതിയിൽ പ്രൊബേഷനാവശ്യമായ 2 വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ APCA training തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾ പ്രൊബേഷനാവശ്യമായ വകുപ്പ് തല പരീക്ഷ പാസാകുന്നത് 05.05.2025 തീയതിയിലും ടിയാൾ വിജയിച്ച വകുപ്പ് തല പരീക്ഷാശ്രേണിയിലെ അവസാന പരീക്ഷയുടെ തീയതി 12.05.2025 ആണെന്നും ശ്രീമതി. സൂര്യ റ്റി.പി. യുടെ സേവനവും ജയിലിലെ പെരുമാറ്റവും തൃപ്തികരമാണെന്നും ജയിൽ വകുപ്പ് മേധാവി പരാമർശം (4) പ്രകാരം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാളുടെ പ്രൊബേഷൻ കാലയളവ് 17.03.2023 മുതൽ 16.03.2024 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. 13.05.2025 തീയതി പ്രാബല്യത്തിൽ ടിയാൾ വെൽഫെയർ ഓഫീസർ തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പ്രഖ്യാപിക്കുന്നതിനു വേണ്ടി പ്രൊബേഷൻ കാലയളവ് 17.03.2024 മുതൽ 14.05.2025 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം പ്രിസൺസ്

& കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി സൂര്യ റ്റി.പി. യുടെ വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ പ്രൊബേഷൻ 13.05.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, പ്രൊബേഷൻ കാലയളവ് , കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം, 17.03.2024 മുതൽ 14.05.2025 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K SUDHEER
അണ്ടർ സെക്രട്ടറി

ഡയറക്ടർ ജനറൽ,പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം (സർവ്വീസ് ബുക്ക് സഹിതം).
ശ്രീമതി സൂര്യ റ്റി.പി., വെൽഫെയർ ഓഫീസർ ഗ്രേഡ് 2 (പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ മുഖേന) .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ ) കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 07-07-2026 10:57:08